## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 5132 23.3.2018 -ൽ മറുപടിക്ക്

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം

| ചോദ്യം<br>ശ്രീ.യു.ആർ. പ്രദീപ് | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പേർക്ക് വിവിധ തസ്തികകളിലായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകിയിട്ടുണ്ട്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2018 ജനുവരിവരെ 20,051 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകിയിട്ടുണ്ട്. |
| (ബി) വിവിധ ഡിപ്പാർട്ടുമെന്റുകളിൽ താൽക്കാലികമായി ഒഴിവു വരുന്ന തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ബി) 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എംപ്ലോയ്മെന്റ് വകുപ്പിലെ ഉദ്യോഗസ്ഥർ വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിന് സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. സർക്കാർ/അർദ്ധ സർക്കാർ/ ബോർഡ്/കമ്പനി/കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത ഒഴിവുകളിലേക്കുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്നും അല്ലാത്ത പക്ഷം ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/ചീഫ് എക്സിക്യൂട്ടീവുകൾ എന്നിവർക്കെതിരെ കർശന നടപടിയെടുക്കുന്നതാണെന്നും 26.12.2016-ലെ 104693/ജി2/2016/തൊഴിൽ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ